## പ്രതിപക്ഷാംഗങ്ങളുടെ ചട്ടവിരുദ്ധ നടപടികളെ അപലപിക്കൽ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ശബരിമല സ്വർണ്ണത്തട്ടിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ കഴിഞ്ഞ കുറെ ദിവസങ്ങളായി ചോദ്യോത്തരവേള ഉൾപ്പെടെയുള്ള സഭാ നടപടികൾ നിരന്തരം തടസ്സപ്പെടുത്തുകയും നിയമസഭയ്ക്കാകെ അധിക്ഷേപകരമായ മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ ചെയറിന്റെ നിർദേശങ്ങൾ നിരന്തരം അവഗണിച്ചുകൊണ്ട് ജനാധിപത്യ മര്യാദകളും സഭയുടെ ഡെക്കോറവും പാലിക്കാതെയും ചട്ടവിരുദ്ധ നടപടികൾ സ്വീകരിക്കുകയും ചെയറിന്റെ മുഖം മറച്ച് ബാനർ പ്രദർശിപ്പിക്കുകയും ചെയറിനെ അധിക്ഷേപിക്കുകയും തുടർന്ന് അക്രമാസക്തരായി വാച്ച് ആൻഡ് വാർഡിനെ ഉപദ്രവിക്കുകയും ഡയസ്സിലേയ്ക്ക് തള്ളിക്കയറുകയും സഭാ നടപടികൾ അലങ്കോലപ്പെടുത്തുകയും ചെയ്തുവഴി സഭയുടെ അന്തസ്സിന് കളങ്കം വരുത്തിയിരിക്കുകയാണ്. പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നും ഇത്തരത്തിലുണ്ടായ അക്രമപ്രവർത്തനങ്ങളെയും ചട്ടവിരുദ്ധ നടപടികളെയും ഈ സഭ ശക്തമായി അപലപിക്കുന്നുവെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.